**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4509** 06-03-2023 - ൽ മറുപടിയ്ക്ക്

**സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും കാലാവധി കഴിഞ്ഞ സ്വർണ്ണപ്പണയങ്ങൾ ലേലം ചെയ്ത് നൽകുന്നതിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കൊല്ലം ജില്ലയിൽ അമ്പലത്തുംഭാഗം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.2836 ൽ സ്വർണ്ണപ്പണയങ്ങൾ ലേലം ചെയ്തതിൽ ക്രമക്കേടുകൾ കണ്ടെത്തുകയും, ആയതിൻമേൽ സഹകരണ നിയമപ്രകാരമുള്ള നടപടികൾ നടന്നു വരുകയുമാണ്.<br><br>ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിലെ കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.2166 ൽ കാലാവധി കഴിഞ്ഞ സ്വർണ്ണപ്പണയ വായ്പാ ഉരുപ്പടികൾ നടപടിക്രമങ്ങൾ പാലിക്കാതെ വില്പന നടത്തി, കൃത്യമായ പലിശ വരവ് വയ്ക്കാതെ വായ്പാ കണക്ക് അവസാനിപ്പിച്ചതായി കണ്ടെത്തുകയും ടി വിഷയം ഉൾപ്പെടുത്തി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നു വരുകയുമാണ്. കൂടാതെ കുട്ടനാട് താലൂക്കിൽ ചമ്പക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1256 ൽ പണയ സ്വർണ്ണം ലേലം ചെയ്തതിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ താലൂക്കിലെ പറവൂർ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1759-ൽ സ്വർണ്ണപ്പണയപണ്ട ഉരുപ്പടികൾ ലേലം ചെയ്ത അവസരത്തിൽ ഓരോ പാക്കറ്റും പ്രത്യേകം ഗുണമേൻമ പരിശോധിക്കാതെ എല്ലാ പാക്കറ്റും ഒരേ വിലയിൽ, ആ സമയത്തെ മാർക്കറ്റ് വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ, ലേല നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ ലേലം ചെയ്യുകയും കൂടാതെ, |

| | | | |
|---|---|---|---|
| | | | ലേലം ചെയ്തിട്ടും വായ്പ അവസാനിപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യവുമാണുള്ളത്. ടി ജില്ലയിലെ തന്നെ കണയന്നൂർ താലൂക്കിലെ കീച്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ സ്വർണ്ണപ്പണയങ്ങൾ ലേലം നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും തുടർന്ന് വകുപ്പ് 68(1) അന്വേഷണ നടപടികൾ നടത്തിയിട്ടുള്ളതും, എന്നാൽ ടി അന്വേഷണത്തിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തുടർനടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. |
| (ബി) | പണയ വസ്തു കൃത്യമായി ലേലം ചെയ്യാത്തതിനാൽ സഹകരണ ബാങ്കുകൾക്ക് ബാധ്യതയുണ്ടാകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വർണ്ണപ്പണയ വായ്പയിൽ യഥാസമയം തിരിച്ചടവ് ഉണ്ടാകാതെ വരുന്ന സാഹചര്യത്തിൽ ഈടായി സ്വീകരിച്ച സ്വർണ്ണപ്പണ്ടങ്ങൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം സ്വർണ്ണത്തിന് വിപണി മൂല്യം കുറയുന്ന അവസരത്തിൽ കുടിശിക വായ്പാ തുക പൂർണ്ണമായും തിരികെ ഈടാക്കുന്നതിന് സാധിക്കാത്ത സാഹചര്യങ്ങൾ ഉണ്ടാകുകയും ആയത് സഹകരണ ബാങ്കുകൾക്ക് ബാദ്ധ്യതയുണ്ടാക്കുന്നതുമാണ്. |
| (സി) | പണയ വസ്തു ലേലം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | പണയ വസ്തു ലേലം ചെയ്യുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 28.01.2023 ലെ 2/2023 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ